(സി) അദ്ധ്യാപക പരിശീലനം യഥാസമയം നൽകിവരുന്നുണ്ട്.

46 (2424) ഡി.പി.ഇ.പി. മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകളുടെ പ്രവർത്തനം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകൾ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തനം ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സെന്ററുകളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ഈ സെന്ററുകളുടെ പ്രവർത്തനം സംസ്ഥാന വ്യാപകമായി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഡി.പി.ഇ.പി.യുടെ കീഴിൽ സംസ്ഥാനത്ത് താഴെപ്പറയും പ്രകാരം 5 ഡി.പി.ഇ.പി. ജില്ലകളിലായി 42 മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ്	-	10
വയനാട്	-	10
മലപ്പുറം	-	10
പാലക്കാട്	-	10
തിരുവനന്തപുരം	-	2.

(ബി) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ (കെ.ഇ.ആർ) അനുശാസിക്കുന്ന വിധം റഗുലർ സ്കൂളുകൾ തുടങ്ങുന്നതിന് സാദ്ധ്യമല്ലാത്ത സ്ഥലത്താണ് ഭിന്നതല പഠനകേന്ദ്രങ്ങൾ തുടങ്ങുന്നത്. ആദിവാസി/വനമേഖലകളിൽ ചില സ്ഥലങ്ങളിൽ ആദിവാസികൾ കൂട്ടം കൂടി താമസിക്കുന്നുണ്ട്. ഈ സ്ഥലങ്ങളിൽ കുട്ടികൾക്ക് സാധാരണ സ്കൂളുകളിൽ പഠിക്കാനായി കിലോമീറ്ററുകൾ താണ്ടേണ്ടതുണ്ട്. എന്നാൽ ഈ സ്ഥലങ്ങളിൽ സാധാരണ സ്കൂളുകൾ തുടങ്ങാനാവശ്യമായ കുട്ടികളെ ലഭിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് ഈ സ്ഥലങ്ങളിൽ ഭിന്നതല പഠന കേന്ദ്രങ്ങൾ തുടങ്ങിയത്. ഒരു കേന്ദ്രത്തിൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന പരമാവധി 50-60 കുട്ടികൾ ഉണ്ടായിരിക്കും. ഇവർക്ക് വിവിധ വിഷയങ്ങളുടെ പഠനത്തിനാവശ്യമായ പ്രത്യേക പഠന സാമഗ്രികൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഠിക്കുന്ന കുട്ടി അഞ്ചാം ക്ലാസ്സു മുതൽക്കോ അതിനു മുമ്പോ മുഖ്യധാരയിലെത്തുന്നു. ഒരു കേന്ദ്രത്തിൽ ഒരദ്ധ്യാപകനെ വീതം നിയമിച്ചിട്ടുണ്ട്. സഹായം കൂടുതൽ വേണ്ട കുട്ടികളെ അദ്ധ്യാപകൻ കൂടുതൽ സമയം സഹായിക്കുകയും ചെയ്യുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly